File No.FWLD-F2/102/2019-FWLD

21419
30/11/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- ജലഗതാഗത വകുപ്പ് ആസ്ഥാനത്തെ എൽ.ഡി ക്ലാർക്ക് ശ്രീമതി.അഞ്ജലി പി വി -ക്ക് വനം വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.402/2019/F&WLD    തീയതി,തിരുവനന്തപുരം, 04/10/2019

പരാമർശം:- 1 06.02.2013-ലെ സ.ഉ.(പി).5/2013/ഉഭപവ നമ്പർ ഉത്തരവ്.

2 10.07.2014-ലെ സ.ഉ.(പി).20/2014/ഉഭപവ നമ്പർ ഉത്തരവ്.

3 ശ്രീമതി.അഞ്ജലി.പി.വി, എൽ.ഡി.ക്ലാർക്കിന്റെ 14.02.2019-ലെ അപേക്ഷ.

4. ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ 25.06.2019, 09.08.0219 തീയതികളിലെ ഇ3-1576/2019 നമ്പർ കത്തുകൾ.

ഉത്തരവ്

സംസ്ഥാന ജലഗതാഗത വകുപ്പ് ആലപ്പുഴ ജില്ലയിലെ ഹെഡ് ക്വാർട്ടേഴ്സിൽ എൽ.ഡി. ക്ലാർക്കായി ജോലി ചെയ്തു വരുന്ന ശ്രീമതി.അഞ്ജലി പി വി വനം വകുപ്പിൽ വയനാട് ജില്ലയിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം നൽകണമെന്ന് പരാമർശം മൂന്ന് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ജലഗതാഗത വകുപ്പിന് വയനാട് ജില്ലയിൽ ഓഫീസുകളൊന്നും നിലവിലില്ലാത്തതിനാലും, അന്തർവകുപ്പ് സ്ഥലം മാറ്റത്തിന് ജലഗതാഗത വകുപ്പ് ശുപാർശ ചെയ്തിട്ടുള്ളതിനാലും, ടിയാളെ നിയമിക്കുന്നതിന് വനം വകുപ്പിൽ വയനാട് ജില്ലയിൽ ഒഴിവുള്ളതിനാലും ശ്രീമതി അഞ്ജലിക്ക് വനം വകുപ്പിലേക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് വനം വകുപ്പിന് തടസ്സമില്ലായെന്ന് പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ജില്ലാതല നിയമന പ്രക്രിയയിലൂടെ ആസ്ഥാന ഒഴിവിൽ നിയമിതനായ ഒരു വ്യക്തിക്ക് സ്വന്തം ജില്ലയിൽ ഓഫീസുകളോ തസ്തികകളോ ഇല്ലായെങ്കിൽ ടി ജില്ലയിലെ മറ്റ് വകുപ്പുകളിലേക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് 5 വർഷത്തെ സേവനം പൂർത്തീകരിക്കേണ്ടതില്ലായെന്ന്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, സംസ്ഥാന ജലഗതാഗത വകുപ്പ് ആലപ്പുഴ ജില്ലയിലെ ഹെഡ് ക്വാർട്ടേഴ്സിൽ എൽ.ഡി. ക്ലാർക്കായ ശ്രീമതി.അഞ്ജലി പി വി-ക്ക് വനം വകുപ്പിൽ വയനാട് ജില്ലയിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S PRAVEEN
JOINT SECRETARY

ഉപമുഖ്യവനപാലകൻ (ഭരണം), തിരുവനന്തപുരം.
ജലഗതാഗത വകുപ്പ് ഡയറക്ടർ, ആലപ്പുഴ.
ശ്രീമതി.അഞ്ജലി പി വി, എൽ ഡി.ക്ലാർക്ക്, ജലഗതാഗത വകുപ്പ്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ്ബ് & ന്യൂ മീഡിയ.
വനം വന്യജീവി (പി എസ്) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.10.0? 14:31:04 IST
Reason: Approved
സെക്ഷൻ ഓഫീസർ